# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 594 | 01-12-2015-ൽ മറുപടിക്ക്

### കുറ്റ്യാടി നാളികേര പാർക്ക്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.കെ.ലതിക | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) കുറ്റ്യാടി നാളികേര പാർക്ക് സ്ഥാപിക്കുന്നതിന്റെ പുരോഗതി വ്യക്തമാക്കുമോ ; | (എ) | കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിൽ വേളം വില്ലേജിൽ നാളികേര പാർക്ക് സ്ഥാപിക്കുന്നതിനു വേണ്ടി കെ.എസ്.ഐ.ഡി.സി. 115 ഏക്കർ സ്ഥലം 15.02.2012 ൽ അഡ്വാൻസ് പൊസഷൻ ആയി നെഗോഷ്യേറ്റഡ് പർച്ചേസ് രീതിയിൽ ഏറ്റെടുത്തു. കെ.എസ്.ഐ.ഡി.സി ഭൂമി ഏറ്റെടുക്കുന്നതിനായി നാളിതുവരെ 15 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി കൺസൾട്ടന്റിനെ നിയമിക്കുകയും നാളികേര പാർക്കിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ടും, മാസ്റ്റർ പ്ലാനും ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. സ്ഥലം ഉടമ ഉയർന്ന നഷ്ടപരിഹാരത്തിനു വേണ്ടി ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും കോടതി 07.10.2015ന് സ്ഥലം ഉടമയ്ക്ക് ഉയർന്ന നഷ്ടപരിഹാരം നൽകുവാൻ വിധി പ്രസ്താവിക്കുകയും ചെയ്തു. ഭൂമി ഏറ്റെടുക്കൽ നടപടികൾ സെക്ഷൻ 11(1) എൽ.എ.ആക്ട് അനുസരിച്ച് മൂന്നു മാസത്തിനകം വീണ്ടും നടത്തുവാൻ കോടതി നിർദ്ദേശിച്ചു. |
| (ബി) പ്രസ്തുത പാർക്ക് എപ്പോൾ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ? | (ബി) | ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പാർക്കിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ